## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3315** 10-12-2018 -ൽ മറുപടിക്ക്

### കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലുമായി ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടങ്ങൾ ഉണ്ടായത്; ആയതിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | ഉണ്ട്, ഇക്കഴിഞ്ഞ പ്രളയക്കെടുതിയിൽ ഏറനാട് മണ്ഡലത്തിലെ കാവനൂർ, കീഴുപറമ്പ്, എടവണ്ണ, അരീക്കോട്, കുഴിമണ്ണ, ചാലിയാർ, ഊർങ്ങാട്ടിരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ 52 വീടുകൾക്ക് പൂർണ്ണമായും 574 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ചാലിയാർ ഗ്രാമപഞ്ചായത്തിൽ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുമായി ആകെ 940 ഹെക്ടർ കൃഷിഭൂമി നശിച്ചിട്ടുണ്ട്. എടവണ്ണ, അരീക്കോട്, കുഴിമണ്ണ, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തുകളിൽ 14 ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് 35,87,850/- രൂപയുടെയും 51 വാണിജ്യ സ്ഥാപനങ്ങൾക്ക് 51,94,400/- രൂപയുടെയും നഷ്ടം എം.എസ്.എം.ഇ. സർവ്വെ എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വെയിൽ കണക്കാക്കിയിട്ടുണ്ട്. മറ്റ് മേഖലകളിലെ നാശനഷ്ടം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ഗ്രാമപഞ്ചായത്ത് | സ്കൂളുകൾക്കുണ്ടായ നാശനഷ്ടം |
|---|---|
| കീഴുപറമ്പ് | 62,07,000/- |
| ഊർങ്ങാട്ടിരി | 13,00,000/- |
| ചാലിയാർ | 98,500/- |
| എടവണ്ണ | 20,000/- |

**തദ്ദേശസ്വയം ഭരണ വകുപ്പ്**

| പഞ്ചായത്ത് | തകർന്ന റോഡുകൾ (കി.മീ) |
|---|---|
| അരീക്കോട് | 22.13 |
| കീഴുപറമ്പ് | 19 |
| ഊർങ്ങാട്ടിരി | 24.5 |
| കാവനൂർ | 22 |
| എടവണ്ണ | 17.5 |
| ചാലിയാർ | 25 |

<table>
<tr><td></td><td></td><td></td><td><u>കെ.എസ്.ഇ.ബി.</u><br><br>
<table>
<tr><th>പഞ്ചായത്ത്</th><th>നാശനഷ്ടം(രൂപ ലക്ഷത്തിൽ)</th></tr>
<tr><td>എടവണ്ണ</td><td>5.62</td></tr>
<tr><td>ചാലിയാർ</td><td>8.20</td></tr>
<tr><td>അരീക്കോട്, കാവനൂർ, കീഴുപറമ്പ്, കുഴിമണ്ണ, ഊർങ്ങാട്ടിരി</td><td>1327.309</td></tr>
</table>
കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലുമായി ഏറനാട് മണ്ഡലത്തിലെ ചാലിയാർ ഗ്രാമ പഞ്ചായത്തിൽ മതിൽമൂല കോളനി, നമ്പൂരിപൊട്ടി ഭാഗങ്ങളിൽ കാഞ്ഞിരപ്പുഴയുടെ ഇരുകരകളിലും ഉദ്ദേശം 4 കി.മീ. ദൂരം ഇടിഞ്ഞ് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>ഒൻപതോളം കുട്ടികൾ തോണിമറിഞ്ഞ് മരിച്ചതിനെ തുടർന്ന് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മുൻപ് പൂർത്തിയാക്കിയതായ മൂർക്കനാട് നടപ്പാലം കാലവർഷത്തെ തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചല്ല മൂർക്കനാട് പാലം നിർമ്മിച്ചിട്ടുള്ളത്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി "2245-60-800-80-Other items" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നാണ് പാലം നിർമ്മാണത്തിനുള്ള തുക അനുവദിച്ചത്.</td></tr>
<tr><td>സി)</td><td>എങ്കിൽ, അടിയന്തര സാഹചര്യം പരിഗണിച്ച് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മൂർക്കനാട് നടപ്പാലം പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ;</td><td rowspan="2">സി) & ഡി)</td><td rowspan="2">"കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, 2001" പ്രകാരമുള്ള നദീതീര വികസന പ്രവർത്തനങ്ങൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചു വരുന്നത്. പാലം നിർമ്മാണം ഇതിന്റെ പരിധിയിൽ വരുന്ന വിഷയമല്ല.</td></tr>
<tr><td>ഡി)</td><td>പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ